**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3956** | **24.06.2014 ൽ മറുപടിയ്ക്ക്**

## സംസ്ഥാന യൂത്ത് കമ്മീഷൻ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.ഗീതാ ഗോപി** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാന യൂത്ത് കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ കമ്മീഷൻ അംഗങ്ങളായി നിയോഗിക്കപ്പെട്ടവരുടെ പേരു വിവരം നൽകാമോ ; | (ബി) അഡ്വ.ആർ.വി.രാജേഷ് (ചെയർപേഴ്സൺ),തിരുവനന്തപുരം.<br>ശ്രീ. ശിവരാമൻ.കെ. (പട്ടികജാതി വിഭാഗത്തെ പ്രതിനിധീകരിക്കുന്ന അംഗം), മലപ്പുറം<br>അഡ്വ.കെ.വിനോദ് (ലീഗൽ പ്രാക്ടീഷണർ), അംഗം, തിരുവനന്തപുരം<br>ശ്രീ.കെ.സി.വിപിൻ, അംഗം, പാലക്കാട്.<br>ശ്രീ. സുജിത് പോൾ, അംഗം, എറണാകുളം<br>ശ്രീ.ഖാദർ മന്യ, അംഗം, കാസർഗോഡ്.<br>അഡ്വ. സ്വപ്ന ജോർജ് (വനിതാ വിഭാഗത്തെ പ്രതിനിധീകരിക്കുന്ന അംഗം), തിരുവനന്തപുരം.<br>ശ്രീ. എ.എം.രമേശൻ, അംഗം, തൃശ്ശൂർ.<br>അഡ്വ. സുമേഷ് ആൻഡ്രൂസ്, അംഗം, കോട്ടയം.<br>ശ്രീ.എം.നാരായണൻ കുട്ടി, അംഗം, പാലക്കാട്.<br>ശ്രീ.അഷറഫ് അലി റ്റി.എ, അംഗം, മലപ്പുറം.<br>അഡ്വ.ആർ.ആർ.സഞ്ജയകുമാർ,അംഗം,തിരുവനന്തപുരം.<br>കുമാരി.എ.ബിജി, (പട്ടികഗോത്രവർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന വനിത അംഗം), വയനാട് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കമ്മീഷൻ ആസ്ഥാനം എവിടെയാണ് ; കേന്ദ്ര ഓഫീസിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ ; ഓഫീസ് മേൽവിലാസം ലഭ്യമാക്കുമോ ; | (സി) | കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. കമ്മീഷന്റെ കേന്ദ്ര ഓഫീസ് വികാസ് ഭവനിൽ പ്രവർത്തിച്ചു വരുന്നു.<br>കേരള സംസ്ഥാന യുവജന കമ്മീഷൻ,<br>വികാസ് ഭവൻ,<br>തിരുവനന്തപുരം-33 -എന്നാണ് കമ്മീഷന്റെ മേൽവിലാസം. |
| (ഡി) | പ്രസ്തുത കമ്മീഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ? | (ഡി) | കമ്മീഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

യുവജനങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളായ വിദ്യാഭ്യാസ വായ്പാ നിഷേധം, തൊഴിലിടങ്ങളിലെ അവകാശ നിഷേധം, മറ്റ് വിവിധ മേഖലകളിൽ യുവാക്കളനുഭവിക്കുന്ന അവകാശ നിഷേധം തുടങ്ങിയ വിഷയങ്ങളിൽ ഇതിനോടകം ലഭിച്ച വിവിധ പരാതികൾക്ക് പരിഹാരം തേടുന്നതിനു കമ്മീഷൻ ശ്രമിക്കുകയുണ്ടായി.

തിരുവനന്തപുരം ജില്ലയിലെ അഗസ്ത്യവനം, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നീ മേഖലകളിലെ യഥാക്രമം അവിവാഹിതരായ അമ്മമാർ, ആദിവാസി യുവാക്കൾ എന്നിവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ പ്രദേശം സന്ദർശിച്ച് വിവിധ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ആയത് വിവിധ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ വായ്പകൾ ലഭ്യമാക്കുന്നതിൽ ബാങ്കുകൾ നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്നതായ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ റിസർവ്വ് ബാങ്ക്, സംസ്ഥാനതല ബാങ്കുകളുടെ സമിതി എന്നിവരുടെ പ്രതിനിധികളെ പങ്കെടുപ്പിച്ച് കമ്മീഷൻ യോഗം കൂടുകയും, വായ്പ അനുവദിക്കുന്നതിന് ഉത്തരവാദപരമായ സമീപനം സ്വീകരിക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുന്നതിന് ആവശ്യപ്പെടുകയും ഇത്തരത്തിൽ ലഭ്യമായ പരാതികൾ പരിഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് കമ്മീഷൻ നേരിട്ട് സ്ഥാപനങ്ങളിൽ സന്ദർശനം നടത്തി പരാതികൾ കേൾക്കുകയും ആയത് സംബന്ധിച്ച് വിശദമായി പഠിച്ച് നിയമഭേദഗതി കളുൾപ്പെടെയുള്ള പരിഹാര നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ശ്രീചിത്രാഹോമിലെ 18 വയസ്സിനു മുകളിലുള്ള സ്ത്രീകളായ അന്തേവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിലും കമ്മീഷൻ ഇടപെടുകയും ഉചിതമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ടെക്നോപാർക്കിലെ ജീവനക്കാരുടെ പരാതികൾ സംബന്ധിച്ചും കമ്മീഷൻ സിറ്റിംഗ് നടത്തി കാര്യങ്ങൾ മനസ്സിലാക്കുകയും അതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് തയ്യാറാക്കി വരികയുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം മദ്യം-മയക്കുമരുന്ന് ഉപഭോഗം / വിപണനം തടയുന്നതിലേക്കായി ഉചിതമായ നിർദ്ദേശങ്ങളടങ്ങിയ കമ്മീഷന്റെ റിപ്പോർട്ട് ആവശ്യമായ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. സംസ്ഥാന യുവജന കമ്മീഷന്റെയും, പോലീസ്, എക്സൈസ്, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെയും സംയുക്താഭിമുഖ്യത്തിൽ ഈ അദ്ധ്യയന വർഷം മുതൽ ലഹരി വസ്തുക്കളുടെ ഉപയോഗം വിദ്യാർത്ഥികൾക്കിടയിൽ ഇല്ലാതാക്കുന്നതിന് കൂടുതൽ ജാഗ്രതയോടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ അപ്രകാരമുള്ള കർമ്മപരിപാടികളു മായി മുന്നോട്ട് പോകുകയാണ്. ഇക്കാര്യത്തിൽ കളക്ടറും, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥൻമാരും, യുവജനകമ്മീഷന്റെ പ്രതിനിധികളും ഉൾപ്പെടെയുള്ള മോണിറ്ററിംഗ് സമിതി മൂന്നുമാസത്തിലൊരിക്കൽ പ്രവർത്തനം അവലോകനം ചെയ്യുന്നതുമാണ്.

നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മദ്യം-മയക്കുമരുന്ന് ദുരുപയോഗം / റാഗിംഗ് / സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ കോളേജുകളിൽ ബോധവൽക്കരണം, യൂത്ത് ഐക്കൺ പദ്ധതി, ജോബ് പോർട്ടൽ, പട്ടികജാതി ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണം, സെമിനാർ / സിംപോസിയം / ശില്പശാല, അദാലത്തുകൾ / കമ്മീഷൻ സിറ്റിംഗ് എന്നീ പരിപാടികൾക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ